# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ: 15/2015/സം.തി.ക.** **തീയതി : 24.10.2015**

## <u>സർക്കുലർ</u>

**<u>പൊതുതിരഞ്ഞെടുപ്പ് 2015 – വോട്ടെണ്ണലുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ</u>**

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടെണ്ണൽ നവംബർ മാസം 7-ാം തീയതി 8 മണി മുതലാണ് ആരംഭിക്കുന്നത്.
2. വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത് ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ബ്ലോക്കു തലത്തിലുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങളും നഗരസഭകളെ സംബന്ധിച്ച് അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളുമാണ്.
3. ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും നഗരസഭകളെ സംബന്ധിച്ച് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുമാണ് ഏർപ്പാടാക്കേണ്ടത്.
4. വോട്ടെണ്ണൽ പുരോഗതി അപ്പപ്പോൾ തന്നെ കമ്മീഷനെയും മീഡിയാ സെന്ററുകളെയും പൊതുജനങ്ങളെയും അറിയിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ സജ്ജീകരിച്ച 'TREND' സോഫ്റ്റ്‌വെയറിലേയ്ക്ക് വോട്ടിന്റെ വിവരം അപ്‌ലോഡ് ചെയ്യുന്നതിനായി കൗണ്ടിംഗ് സെന്ററിൽ ബ്ലോക്ക് വരണാധികാരിയുടെ ഹാളിന് സമീപവും, നഗരസഭകളിലെ <u>കൗണ്ടിംഗ് സെന്ററുകളിലും</u> ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിന് വേണ്ടി പ്രത്യേകം മുറി സജ്ജമാക്കണം.
5. അപ്രകാരമുള്ള ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിലെ ഇന്റർനെറ്റ്/ബ്രോഡ്ബാന്റ് കണക്ഷൻ <u>BSNL</u> അധികാരികളുമായി ബന്ധപ്പെട്ട് മുൻകൂട്ടി പരിശോധിക്കേണ്ടതാണ്. കൂടാതെ, ഡേറ്റാ സെന്ററിലെ <u>വയറിംഗ്</u> സംവിധാനം കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡ്/കെൽട്രോൺ എന്നിവയുടെ സഹായത്തോടെ പരിശോധിക്കണം.
6. ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് അതാത് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർമാർ ബ്രോഡ്ബാൻഡ് കണക്ഷനുള്ള (latest version of Mozila Firefox, Google Chrome and PDF Reader) 6 കമ്പ്യൂട്ടർ സിസ്റ്റംസ്, 3 ലേസർ പ്രിന്ററുകൾ എന്നിവയും അവ കണക്ട് ചെയ്യുന്നതിനുള്ള UPS-ഉം സജ്ജീകരിക്കണം. മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് 4 കമ്പ്യൂട്ടർ സിസ്റ്റവും 2 ലേസർ പ്രിന്ററുകളും സജ്ജീകരിക്കണം.
7. മേൽപ്പറഞ്ഞ കമ്പ്യൂട്ടർ സിസ്റ്റംസ് "Unicode" സപ്പോർട്ട് ചെയ്യുന്നതായിരിക്കണം.

8. ഈ സെന്ററിന്റെ മേൽനോട്ടം വഹിക്കുന്നതിന് സൂപ്രണ്ട് തസ്തികയിലുള്ള ഒരു ഓഫീസറെയും, ടെക്നിക്കൽ സപ്പോർട്ടിനായി ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്ന് ബ്ലോക്ക് ഓഫീസിലോ മുനിസിപ്പൽ ഓഫീസിലോ നിയമിച്ചിട്ടുള്ള ഒരു കമ്പ്യൂട്ടർ വിദഗ്ദനെയും നിയോഗിക്കേണ്ടതാണ്. കൂടാതെ, ബ്ലോക്ക് പഞ്ചായത്തിലെ സെന്ററിലേയ്ക്ക് ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിലെ 5 ടെക്നിക്കൽ അസിസ്റ്റന്റ്മാരെ ഡേറ്റാ എൻട്രിക്ക് ചുമതലപ്പെടുത്തേണ്ടതാണ്. മുനിസിപ്പാലിറ്റി ഡാറ്റാ സെന്ററുകളിൽ ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നുള്ള 2 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ വേണം ഇതിലേയ്ക്ക് നിയോഗിക്കേണ്ടത്.
9. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് തലത്തിലേയ്ക്കും ഓരോ കമ്പ്യൂട്ടർ വീതം സജ്ജമാക്കുകയും മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇതിലേയ്ക്ക് ഡാറ്റാ എൻട്രി വരുത്തുന്നതിന് നിയോഗിക്കേണ്ടതുമാണ്. ബാക്കി കമ്പ്യൂട്ടറുകൾ സ്റ്റാൻഡ് ബൈ ആയും ഓപ്പറേറ്റർമാരെ പകരക്കാരായും വിന്യസിക്കണം.
10. ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് ഒരു ഹാളും ആ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേകം പ്രത്യേകം കൗണ്ടിംഗ് ഹാളുകളും/മുറികളും കഴിയുന്നതും സജ്ജീകരിക്കേണ്ടതാണ്.
11. ഓരോ ഗ്രാമപഞ്ചായത്തിന്റെയും കൗണ്ടിംഗ് ഹാളിൽ, വരണാധികാരിക്കുള്ള വേദിയും, ടാബുലേഷൻ, പാക്കിംഗ്, വോട്ടെണ്ണൽ എന്നിവയ്ക്ക് പ്രത്യേകം മേശകളും സജ്ജീകരിക്കേണ്ടതാണ്.
12. പരാമാവധി 8 പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടിംഗ് ടേബിൾ എന്ന രീതിയിൽ വേണം കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കേണ്ടത്. ഇത്തരത്തിൽ ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിന് ആനുപാതികമായി കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കേണ്ടതാണ്.
13. പോസ്റ്റൽ വോട്ടുകൾ വേണം ആദ്യം എണ്ണേണ്ടത്. ഓരോ തലത്തിലെയും പോസ്റ്റൽ വോട്ടുകൾ അതാത് തലത്തിലെ വരണാധികാരികൾ മാത്രം എണ്ണേണ്ടതാണ്.
14. ഒരു ഗ്രാമപഞ്ചായത്തിന്റെ കൗണ്ടിംഗ് ഹാളിൽ എത്ര വോട്ടെണ്ണൽ മേശകൾ സജ്ജീകരിച്ചിട്ടുണ്ടോ അത്രയും എണ്ണം വാർഡുകളിലെ കൺട്രോൾ യൂണിറ്റുകൾ വേണം ആദ്യം സ്ട്രോങ്ങ് റൂമിൽ നിന്നും ഏറ്റ് വാങ്ങി വോട്ടെണ്ണൽ നടത്തേണ്ടത്.
15. വോട്ടെണ്ണൽ ആരംഭിക്കേണ്ടത് 1-ാം വാർഡു മുതൽ എന്ന ക്രമത്തിൽ വേണം.
16. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാർ എന്ന ക്രമത്തിൽ സ്റ്റാഫിനെ നിയമിക്കേണ്ടതാണ്. എന്നാൽ നഗരസഭകളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറിനെയും ഒരു കൗണ്ടിംഗ് അസിസ്റ്റന്റിനെയും വേണം നിയമിക്കേണ്ടത്.
17. കൂടാതെ, ടാബുലേഷൻ, പാക്കിംഗ് എന്നിവയ്ക്കും പ്രത്യേകം സ്റ്റാഫിനെ നിയമിക്കണം.
18. ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഫാറം 24എ-ൽ വോട്ടെണ്ണലിന്റെ ഫലം രേഖപ്പെടുത്തുകയും TREND-ൽ നിന്ന് ലഭിക്കുന്ന ഫോറങ്ങൾ പൂരിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. തുടർന്ന് ഉടൻതന്നെ പൂരിപ്പിച്ച TREND-ലെ ഫാറങ്ങൾ/ഫാറം 24എ-യുടെ ഭാഗം -2 -ന്റെ ഡ്യൂപ്ലിക്കേറ്റ് ഇതിലേയ്ക്ക് നിയോഗിച്ച ജീവനക്കാരൻ മുഖേന

ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ലഭ്യമാക്കണം. ഗ്രാമപഞ്ചായത്ത് വരണാധികാരി ഗ്രാമപഞ്ചായത്തിന്റെ 24 എ ഫാറത്തിൽ ഒപ്പ് രേഖപ്പെടുത്തി ഫാറം 25-ലെ റിസൾട്ട് ഷീറ്റ് തയ്യാറാക്കണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ 24എ ഫാറങ്ങൾ ഉടൻതന്നെ ബ്ലോക്ക് വരണാധികാരിക്ക് ലഭ്യമാക്കുകയും വേണം.

19. മേൽപ്പറഞ്ഞ പ്രകാരം കൗണ്ടിംഗ് ഹാളിൽ നിന്നും ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിലേയ്ക്കും ബ്ലോക്ക് വരണാധികാരികൾക്കും 24എ ഫാറങ്ങൾ ലഭ്യമാക്കുന്നതിന് മാത്രം ഓരോ ഗ്രാമപഞ്ചായത്തിലേയ്ക്കും ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തേണ്ടതാണ്.
20. വോട്ടെണ്ണൽ പൂർത്തിയായി ഫാറം 25-ലെ റിസൾട്ട് ഷീറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലെയും ഫലപ്രഖ്യാപനം ഗ്രാമപഞ്ചായത്ത് വരണാധികാരി നടത്തേണ്ടതാണ്.
21. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരി, വിവിധ ഗ്രാമപഞ്ചായത്ത് കൗണ്ടിംഗ് മേശകളിൽ നിന്നും ലഭിക്കുന്ന ടാബുലേഷൻ ഷീറ്റുകളുടെ അടിസ്ഥാനത്തിൽ ഓരോ ബ്ലോക്ക് വാർഡിലെയും വോട്ടുകൾ ക്രമീകരിച്ച് ആ ബ്ലോക്ക് വാർഡുകളുടെ ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.
22. ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലെ 24എ വോട്ടുകണക്കുകളുടെ ഫാറങ്ങൾ ശേഖരിച്ച് ബ്ലോക്ക് വരണാധികാരി കഴിയുന്നതും വേഗം പ്രത്യേക ദൂതൻ മുഖേന ജില്ലാ വരണാധികാരിക്ക് ലഭ്യമാക്കേണ്ടതാണ്.
23. ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ലഭിക്കുന്ന 24എ ഫാറങ്ങൾ/ TREND-ലെ ഫാറങ്ങളിലെ വിവരങ്ങളാണ് ഉടൻ തന്നെ TREND-ൽ അതാത് തലങ്ങളിലെ സിസ്റ്റത്തിൽ കൃത്യതയോട് കൂടി എൻട്രി വരുത്തുന്നതെന്ന് അപ്‌ലോഡിംഗ് സെന്ററിലെ സൂപ്പർവൈസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
24. വോട്ടെണ്ണലിനു ശേഷം ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ട രേഖകളും ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ(DMM)-ഉം ബന്ധപ്പെട്ട ട്രഷറികളിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ, നഗരസഭകളെ സംബന്ധിച്ച് DMM ഇല്ലാത്തതും, മറ്റു രേഖകളോടൊപ്പം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ കൂടി ട്രഷറികളിൽ സൂക്ഷിക്കേണ്ടതുമാണ്.
25. വോട്ടെണ്ണലുമായി ബന്ധപ്പെട്ട് ആവശ്യമായ ജീവനക്കാരെ നിയമിച്ച് അതാത് വരണാധികാരികൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
26. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ 08.10.2015-ന് തന്നെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ജില്ലാ കേന്ദ്രങ്ങളിലെ ഗോഡൗണുകളിൽ തിരികെ എത്തിക്കേണ്ടതാണ്.

**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും
എല്ലാ വരണാധികാരികൾക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ EROമാർക്കും.

പകർപ്പ്:-

എല്ലാ കൗണ്ടിംഗ് സൂപ്പർവൈസർമാർക്കും.,എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
പബ്ലിക് റിലേഷൻസ് ഓഫീസർ.,കമ്പ്യൂട്ടർ പ്രോഗ്രാമർ.
കമ്മീഷണറുടെ സി.എ.,സെക്രട്ടറിയുടെ സി.എ.

**ഉത്തരവിൻ പ്രകാരം**
**ഒപ്പ്**

**സെക്ഷൻ ഓഫീസർ**